**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4683** — **13-03-2023 - ൽ മറുപടിയ്ക്ക്**

**ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2022-ൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് പി.എസ്.സി. മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022-ൽ വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് പി.എസ്.സി. മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. 500 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം നൽകുന്നതിന് സ.ഉ.(കൈ) നം. 03/2021/വനം തീയതി 12/02/2021 , സ.ഉ.(കൈ) നം. 08/2022/ വനം തീയതി 10/02/2022 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു, ഇപ്രകാരം സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, 16/04/2022-ൽ 92/2022, 93/2022 എന്നീ നമ്പരുകളിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യതാ പരീക്ഷയുടേയും, കായികക്ഷമതാ പരീക്ഷയുടേയും അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ നിയമന ശുപാർശ അയയ്ക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുൾപ്പെടെ എല്ലാ ജില്ലകളിലും നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകൾ ജില്ല തിരിച്ച് എത്രയാണെന്നും നിലവിലെ ഒഴിവുകളിലേയ്ക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ബി) | വനാശ്രിതരായ ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 500 പുതിയ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം-20, കൊല്ലം -10, പത്തനംതിട്ട-10, കോട്ടയം-20, ഇടുക്കി-40, എറണാകുളം-20, തൃശ്ശൂർ-10, പാലക്കാട്-60, മലപ്പുറം-30, കോഴിക്കോട്-20, വയനാട്-170, കണ്ണൂർ-45, കാസർഗോഡ്-45. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലുമുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ എന്തെങ്കിലും പരാതി മുഖ്യമന്ത്രിയ്ക്ക് നൽകിയിരുന്നോ എന്നും എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കാമോ; | (സി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ ബഹു. മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിട്ടുള്ളതായി വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നിയമനം സംബന്ധിച്ച് പി.എസ്.സി. ഉദ്യോഗസ്ഥർ തർക്കങ്ങൾ ഉന്നയിച്ചിരുന്നോ എന്നും എങ്കിൽ ആയത് പരിഹരിക്കപെട്ടോ എന്നും വ്യക്തമാക്കാമോ? | (ഡി) | നിയമനം സംബന്ധിച്ച് പി. എസ്.സി ഉദ്യോഗസ്ഥർ തർക്കങ്ങൾ ഉന്നയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ